എ.വൈ.ആർ

സൂറ-11

# ഹൂദ്

وَلَوْ شَآءَ رَبُّكَ لَجَعَلَ ٱلنَّاسَ أُمَّةً وَٰحِدَةً ۖ وَلَا يَزَالُونَ مُخْتَلِفِينَ ﴿١١٨﴾

**118** നിന്റെ നാഥനു വേണമെങ്കിൽ മർത്യരെയൊക്കെയും ഒരൊറ്റ സമുദായമാക്കാമായിരുന്നു. എന്നാൽ അവർ ഭിന്നിച്ചു കൊണ്ടേയിരിക്കുന്നു;

إِلَّا مَن رَّحِمَ رَبُّكَ ۚ وَلِذَٰلِكَ خَلَقَهُمْ ۗ وَتَمَّتْ كَلِمَةُ رَبِّكَ لَأَمْلَأَنَّ جَهَنَّمَ مِنَ ٱلْجِنَّةِ وَٱلنَّاسِ أَجْمَعِينَ ﴿١١٩﴾

**119** നിന്റെ നാഥൻ കരുണ ചെയ്തവരൊഴിച്ച്; അതിനാണവരെ സൃഷ്ടിച്ചിട്ടുള്ളത്. ജിന്നുകളാലും മനുഷ്യരാലും നരകം നിറക്കുക തന്നെ ചെയ്യുമെന്ന നിന്റെ നാഥന്റെ വചനം സാക്ഷാത്കൃതമായിരിക്കുന്നു.

وَلَوْ شَآءَ رَبُّكَ= നിന്റെ നാഥൻ ഉദ്ദേശിച്ചെങ്കിൽ (നാഥനു വേണമെങ്കിൽ)

لَجَعَلَ ٱلنَّاسَ= അവൻ മനുഷ്യരെ ആ(ക്കുമായിരുന്നു)ക്കിയതുതന്നെ أُمَّةً وَٰحِدَةً= ഒരൊറ്റ സമുദായം

وَلَا يَزَالُونَ مُخْتَلِفِينَ= എന്നാൽ അവർ ഭിന്നി(ച്ചു കൊണ്ടേയിരിക്കുന്നു)ക്കുന്നവരായിക്കൊണ്ടിരിക്കുന്നു

إِلَّا مَن رَّحِمَ رَبُّكَ= നിന്റെ നാഥൻ കരുണ ചെയ്തവരൊഴിച്ച് وَلِذَٰلِكَ= അതിനാണ്

خَلَقَهُمْ= അവൻ അവരെ സൃഷ്ടിച്ചത് وَتَمَّتْ= പൂർത്തിയായി (സാക്ഷാത്കൃതമായിരിക്കുന്നു)

كَلِمَةُ= വചനം رَبِّكَ= നിന്റെ നാഥന്റെ لَأَمْلَأَنَّ= ഞാൻ നിറക്കുക തന്നെ ചെയ്യും (എന്ന)

جَهَنَّمَ= നരകം مِنَ ٱلْجِنَّةِ= ജിന്നുകളാൽ وَٱلنَّاسِ= മനുഷ്യരാലും أَجْمَعِينَ= എല്ലാം, മുഴുവൻ

**118,119:** മനുഷ്യൻ ഇഹത്തിലും പരത്തിലും, രക്ഷാർഹരും ശിക്ഷാർഹരുമായി വിഭജിക്കപ്പെടുന്നതിന്റെ പൊരുള് സൂചിപ്പിക്കുകയാണീ സൂക്തങ്ങൾ. വ്യത്യസ്തമായ ചിന്താഗതികളും കർമരീതികളും സ്വീകരിക്കുന്നതു കൊണ്ടാണല്ലോ മനുഷ്യരിൽ ചിലർ ശിഷ്ടരും ചിലർ ദുഷ്ടരുമായി വിഭജിക്കപ്പെടുന്നത്. അല്ലാഹുവിനു വേണമെങ്കിൽ എല്ലാ മനുഷ്യരെയും ഒരേ അച്ചിൽ വാർത്തെടുക്കപ്പെട്ട ചിന്തകളും ചെയ്തികളുമുള്ള ഒറ്റ സമുദായമാക്കി സൃഷ്ടിക്കാമായിരുന്നു. എങ്കിൽ ആരുടെയും ജീവിതം തെറ്റും ശരിയുമായ വിവിധ മാർഗങ്ങളിലേക്ക് വ്യതിചലിക്കുകയും ശരിയിലൂടെ സഞ്ചരിച്ചവർ

രക്ഷയിലും തെറ്റിലൂടെ സഞ്ചരിച്ചവർ ശിക്ഷയിലും എത്തിച്ചേരുകയും ചെയ്യുന്ന അവസ്ഥയുണ്ടാകുമായിരുന്നില്ല. എല്ലാവരും അവൻ നിശ്ചയിച്ച ധർമമാർഗത്തിലൂടെ മാത്രം സഞ്ചരിച്ച് രക്ഷാർഹരായിത്തീരുമായിരുന്നു. പക്ഷേ അചേതന വസ്തുക്കളെയും തിര്യക്കുകളെയും പോലെ നിർണിതമായ ഒരൊറ്റ പഥത്തിലൂടെ മാത്രം പ്രയാണം ചെയ്യുന്നവരായിട്ടല്ല മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്. വിവേചനബോധവും തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യവുമുള്ളവനായിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. പല വിഷയങ്ങളിലും സ്വന്തം വഴി സ്വയം നിർണയിക്കാൻ അവനു സ്വാതന്ത്ര്യമുണ്ട്. സ്വാതന്ത്ര്യം ഉചിതവും യുക്തിസഹവുമായ രീതിയിൽ ഉപയോഗിക്കാൻ സഹായിക്കുന്ന ബുദ്ധിയും വിവേചന ശക്തിയും ഉണ്ട്. മാനവിക ഗുണങ്ങളെല്ലാം സാർഥകമാകുവാൻ അവരുടെ ചിന്തയിലും സ്വഭാവത്തിലും കഴിവുകളിലുമെല്ലാം വൈവിധ്യവും വൈരുധ്യവുമുണ്ടാകണം. എല്ലാവരും ഒരേ വിധത്തിൽ മാത്രം ചിന്തിക്കാനും പെരുമാറാനും സാധിക്കുന്നിടത്ത് സ്വാതന്ത്ര്യവും വിവേചന ശക്തിയും അപ്രസക്തമാകുന്നു. അതുകൊണ്ട് അല്ലാഹു മനുഷ്യന്റെ അകവും പുറവും വൈവിധ്യപൂർണമാക്കിയിരിക്കുന്നു. അകത്ത് ഇഷ്ടാനിഷ്ടങ്ങൾ വിവിധം, ചിന്താഗതികൾ വ്യത്യസ്തം, സർഗശക്തികൾ വിഭിന്നം. ചിലർക്കിഷ്ടം വെളുപ്പ് ചിലർക്ക് കറുപ്പ്. ചിലർ തങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുമ്പോൾ ചിലർ സമൂഹത്തെക്കുറിച്ചു ചിന്തിക്കുന്നു. ചിലർ ആത്മീയ വിഷയങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ചിലർ ഭൗതിക വിഷയങ്ങളെക്കുറിച്ചുമാത്രം ആലോചിക്കുന്നു. ചിലർ സമ്പത്ത് കാംക്ഷിക്കുമ്പോൾ ചിലർ പ്രശസ്തി തേടുന്നു. ചിലർ കവികൾ, ചിലർ കഥാകാരന്മാർ, ചിലർ നർത്തകർ, ചിലർ കായികാഭ്യാസികൾ. ഇങ്ങനെ മനുഷ്യർക്കിടയിലെ വൈവിധ്യങ്ങൾക്കറ്റമില്ല.

ഭിന്നങ്ങളുടെ പാരസ്പര്യത്തിലൂടെയും സഹകരണത്തിലൂടെയുമാണ് മനുഷ്യൻ നിലനിൽക്കുന്നതും മുന്നോട്ടു പോകുന്നതും. സത്രീ പുരുഷ വൈവിധ്യം ഒരുദാഹരണം. ഇരുട്ടും വെളിച്ചവും രാവും പകലും തീയും വെള്ളവും തുടങ്ങിയ വൈരുധ്യങ്ങൾ ലോകത്തിന്റെ നിലനിൽപിന് എന്തു മാത്രം അനിവാര്യമാണോ അത്രതന്നെ അനിവാര്യമാണ് മനുഷ്യന്റെ നിലനിൽപിന് അവനിലെ വ്യക്തിത്വ വൈവിധ്യങ്ങൾ. പാമരന്മാരുടെ സാന്നിധ്യമാണ് പണ്ഡിതന്മാരുടെ പാണ്ഡിത്യത്തെ പ്രസ്കതമാക്കുന്നത്. എല്ലാവരും ഒരുപോലെ സമ്പന്നരായിരുന്നുവെങ്കിൽ സമ്പന്നതക്ക് ഒരു വിശേഷവുമില്ല. ഏതു സൗഭാഗ്യവും സൗഭാഗ്യമായിത്തീരുന്നത് അതിന്റെ വിപരീതം സംഭവ്യമായതുകൊണ്ടാണ്. സ്വഭാവത്തിലും കഴിവുകളിലുമുള്ള വൈവിധ്യങ്ങളും വൈരുധ്യങ്ങളും ഏറ്റക്കുറവുകളും അല്ലാഹു മനുഷ്യന്റെ കർമശേഷിയുമായി ബന്ധിപ്പിച്ചിരിക്കുന്നു. അതാണ് അവനെ സക്രിയനും പുരോഗമനോന്മുഖനുമാക്കുന്നത്. എല്ലാവരും ഒരേ സ്വഭാവങ്ങളും യോഗ്യതകളും താൽപര്യങ്ങളുമുള്ളവരായിരുന്നുവെങ്കിൽ മനുഷ്യർ പുതിയത് അന്വേഷിക്കാനും കണ്ടെത്താനും പ്രചോദിതരാകുമായിരുന്നില്ല.

വൈവിധ്യങ്ങൾ ഒരു വശത്ത് ഓരോ വ്യക്തിക്കും അവന്റേതായ വ്യക്തിത്വം നേടിക്കൊടുക്കുമ്പോൾ മറുവശത്ത് മർത്യവർഗത്തിന് മാനവികത എന്ന പൊതു വ്യക്തിത്വവും നേടിക്കൊടുക്കുന്നു. ഓരോ മനുഷ്യനും അവന്റെ അവസ്ഥയിൽ ഒറ്റയാനായിരിക്കുമ്പോൾ തന്നെ എല്ലാ മനുഷ്യരും ഒന്നായിരിക്കുക, ഒന്നായിരിക്കുമ്പോൾ തന്നെ എല്ലാവരും വെവ്വേറെയായിരിക്കുക ഇങ്ങനെയുള്ള അത്ഭുതകരമായ ഏകത്വം കൊണ്ടും നാനാത്വം കൊണ്ടുമാണ് അല്ലാഹു മനുഷ്യരെ അനുഗ്രഹിച്ചിട്ടുള്ളത്.

വൈവിധ്യങ്ങളെ കൂട്ടിയിണക്കുകയും അവക്കിടയിൽ പ്രവർത്തിക്കുന്ന ഏകത്വം കണ്ടുപിടിച്ച് സ്വാംശീകരിക്കുകയുമാണ് തൗഹീദ്. മനുഷ്യജീവിതം സാർഥകമാക്കുന്ന സന്മാർഗവും അതുതന്നെ. വൈവിധ്യങ്ങളെ കൂട്ടിയിണക്കുന്നതിനു പകരം ഏറ്റുമുട്ടിക്കുമ്പോൾ മാർഗം വ്യത്യസ്തമാകുന്നു. അനേകതയിൽനിന്നാണ് ഏറ്റുമുട്ടലുണ്ടാകുന്നത്. ഏകത്വം അവഗണിക്കപ്പെടുന്നിടത്ത് അനേകത സങ്കൽപിക്കപ്പെടുന്നു. അനേകം ദൈവങ്ങളും മതങ്ങളുമുണ്ടാകുന്നു. ഏകത്വത്തിന്റെ –തൗഹീദിന്റെ മാർഗം സ്വീകരിക്കാനോ ബഹുത്വത്തിന്റെ –ശിർക്കിന്റെ മാർഗം സ്വീകരിക്കാനോ അല്ലാഹു ആരെയും നിർബന്ധിക്കുന്നില്ല. നിർബന്ധിക്കാൻ കഴിയാത്തതുകൊണ്ടല്ല; ഉദ്ദേശിക്കാത്തതുകൊണ്ട്. മനുഷ്യനു നൽകിയ സ്വാതന്ത്ര്യവും കഴിവുകളും പ്രവർത്തിക്കാൻ അവസരം നൽകിയിരിക്കുകയാണവൻ. സ്വാതന്ത്ര്യം ശരിയാംവണ്ണം പ്രയോജനപ്പെടുത്തിയവർ അതിന്റെ ഗുണമനുഭവിക്കും. തെറ്റായ രീതിയിൽ ഉപയോഗപ്പെടുത്തിയവർ അതിന്റെ ദോഷമനുഭവിക്കും. തെറ്റും ശരിയും, നന്മയും തിന്മയും തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെങ്കിൽ എല്ലാവരും ശരി മാത്രം തെരഞ്ഞെടുക്കുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. സത്യത്തിന്റെയും സന്മാർഗത്തിന്റെയും സ്പഷ്ടമായ ദൃഷ്ടാന്തങ്ങളും ഉൽബോധനങ്ങളും എല്ലാം ഉള്ളതോടൊപ്പം തന്നെ ജഢികാസക്തികൾക്കും പൈശാചിക പ്രചോദനങ്ങൾക്കും

വശംവദരായി നല്ലൊരുവിഭാഗം മനുഷ്യർ അസത്യത്തിന്റെയും അധർമത്തിന്റെയും മാർഗങ്ങൾ തെരഞ്ഞെടുത്തുകൊണ്ടിരിക്കും. ഈ സത്യമാണ് وَلَا يَزَالُونَ مُخْتَلِفِينَ എന്ന വാക്യത്തിലൂടെ അവതരിപ്പിക്കുന്നത്. വിധാതാവിന്റെ കാരുണ്യം ലഭിച്ചവരേ ഈ ദൗർഭാഗ്യത്തിൽനിന്ന് രക്ഷപ്പെടൂ إِلَّا مَن رَّحِمَ رَبُّكَ. ക്ഷുദ്രമായ ജഡികാസക്തികൾക്കും പൈശാചിക പ്രചോദനങ്ങൾക്കും വഴങ്ങാതെ ദൈവം നൽകിയ ബുദ്ധിയും വിവേചനശക്തിയും ഇന്ദ്രിയഗുണങ്ങളും ശരിയായി ഉപയോഗപ്പെടുത്തുന്ന സത്യാന്വേഷികൾക്കാണ് സന്മാർഗം പ്രാപിക്കാനുള്ള ദൈവാനുഗ്രഹം ലഭിക്കുക. ബുദ്ധിയും ജ്ഞാനേന്ദ്രിയങ്ങളും ശരിയാംവണ്ണം ഉപയോഗിക്കാതെ ആസക്തികൾക്കടിമപ്പെട്ട് വ്യത്യസ്ത മാർഗങ്ങളിലേക്ക് പിഴച്ചുപോകുന്നവർക്ക് ദൈവകാരുണ്യം വിലക്കപ്പെടുകയും ശിക്ഷാർഹരായിത്തീരുകയും ചെയ്യുമെന്നത് ഇതിന്റെ മറുവശമാണ്.

ഇങ്ങനെ സ്വതന്ത്രമായി ഇഷ്ടമുള്ള മാർഗം തെരഞ്ഞെടുക്കാൻ പാകത്തിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് وَلِذَٰلِكَ خَلَقَهُمْ. തെറ്റും ശരിയും സ്വീകരിക്കാനുള്ള സ്വാതന്ത്ര്യത്തിലൂടെ, പരീക്ഷണത്തിലൂടെ കടന്നുപോകാതെ ആരും ദൈവകാരുണ്യത്തിനോ ദൈവശിക്ഷക്കോ അർഹരാകുന്നില്ല. وَلِذَٰلِكَ خَلَقَهُمْ എന്നതിന്റെ ഭാഷാർഥം അതിനുവേണ്ടിയാണവരെ സൃഷ്ടിച്ചത് എന്നാണ്. ഇവിടെ 'വേണ്ടി' എന്ന അർഥത്തെക്കുറിക്കുന്ന لِ കാരണ സൂചകം അഥവാ ലക്ഷ്യസൂചകം (سببية) ആവാം. അപ്പോൾ ആശയം ഇങ്ങനെ: കുറേപ്പേർ വ്യത്യസ്ത മാർഗങ്ങളിലായി ഭിന്നിക്കാനും കുറെപ്പേർ സത്യമാർഗം സ്വീകരിച്ച് ദൈവകാരുണ്യത്തിനർഹരാകാനും വേണ്ടിത്തന്നെയാണ് മനുഷ്യർ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നാകുന്നു. ഉണ്ടായിത്തീർന്ന ഫലത്തെ സൂചിപ്പിക്കുന്നതാണ് (لام الصيرورة) ഈ لِ എന്നും ഒരുപക്ഷമുണ്ട്. സ്വാതന്ത്ര്യമുള്ളവരായി സൃഷ്ടിച്ചതിന്റെ ഫലമായി അവർ ഭിന്നിച്ചു എന്നാകും ആശയം. സൃഷ്ടിച്ചതിന്റെ ലക്ഷ്യം എല്ലാവരും സ്വയം സന്മാർഗം സ്വീകരിച്ച് ഇഹത്തിലും പരത്തിലും അല്ലാഹുവിന്റെ അനുഗ്രഹത്തിന്നർഹരായിത്തീരുകയായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് വ്യതിചലിച്ചുപോകാനും സ്വാതന്ത്ര്യം ഉണ്ടായതിന്റെ ഫലമായി കുറെയാളുകൾ വ്യതിചലിച്ചു ശിക്ഷാർഹരായിത്തീർന്നു.

وَلِذَٰلِكَ خَلَقَهُمْ എന്ന വാക്യത്തെ إِلَّا مَن رَّحِمَ رَبُّكَ എന്ന വാക്യവുമായി ബന്ധിപ്പിച്ചുകൊണ്ടും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. അതുപ്രകാരം ആശയമിതാണ്: മനുഷ്യർ ഭിന്നമാർഗങ്ങളിലേക്ക് വ്യതിചലിച്ചുകൊണ്ടിരുന്നു. സത്യമാർഗം സ്വീകരിക്കാൻ ഉതവി ലഭിക്കുക വഴി അല്ലാഹുവിന്റെ കാരുണ്യത്തിനു പാത്രമായവർ മാത്രമേ അതിൽ നിന്നൊഴിവായിട്ടുള്ളൂ. വാസ്തവത്തിൽ അല്ലാഹു അവരെ സൃഷ്ടിച്ചത് സത്യമാർഗം കൈക്കൊള്ളാനും അങ്ങനെ അവന്റെ കാരുണ്യം നേടാനുമായിരുന്നു. وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ (ജിന്നു വർഗത്തെയും മർത്യവർഗത്തെയും ഞാൻ സൃഷ്ടിച്ചത് അവർ എനിക്കു ഇബാദത്തു ചെയ്യാൻ മാത്രമാകുന്നു – 51:56) എന്ന വാക്യത്തിന്റെ വെളിച്ചത്തിൽ ഈ വ്യാഖ്യാനവും പരിഗണനീയമാകുന്നു.

സൂറ അൽബഖറ 213–ാം സൂക്തത്തിൽ كَانَ النَّاسُ أُمَّةً وَاحِدَةً فَبَعَثَ اللَّهُ النَّبِيِّينَ (മനുഷ്യർ ഒറ്റ സമുദായമായിരുന്നു പിന്നീട് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു എന്നു പറയുന്നുണ്ട്. ആദിയിൽ മനുഷ്യർക്ക് ഒറ്റ മതമേ ഉണ്ടായിരുന്നുള്ളൂ എന്നാണ് അവിടെ പറയുന്നത്. അതായത് ആദമി(അ)നെ ഭൂമിയിലേക്കയച്ചത് ഏതൊരു മതവുമായിട്ടായിരുന്നുവോ ആ മതം മാത്രമേ ആദിയിൽ ഉണ്ടായിരുന്നുള്ളൂ. അത് ഇസ്ലാം ആയിരുന്നു. പിന്നീട് മനുഷ്യർ വർധിച്ചു. കാലക്രമത്തിൽ വ്യത്യസ്തമായ യോഗ്യതകളെയും അഭിരുചികളെയും താൽപര്യങ്ങളെയും കൂട്ടിയിണക്കുന്നതിൽ അവർ പരാജയപ്പെട്ടു. അങ്ങനെ മനുഷ്യർ ഭിന്നിച്ചു. താൽപര്യങ്ങളിലും യോഗ്യതകളിലും സ്വഭാവങ്ങളിലും ഭിന്നിച്ചപോലെ മതത്തിലും ഭിന്നിച്ചു. അപ്പോൾ അല്ലാഹു അവരെ കൂട്ടിയിണക്കാൻ പ്രവാചകന്മാരെ നിയോഗിച്ചു. അതായത് ആദിയിൽ മനുഷ്യർ ഒരേ മതക്കാരായിരുന്നുവെങ്കിലും ഒരേ മതക്കാരായിരിക്കാൻ നിർബന്ധിതരാക്കപ്പെട്ടിട്ടല്ല അവരെ സൃഷ്ടിച്ചത്. ഒരേ മതത്തിൽ –സത്യമതത്തിൽ– തന്നെ ആയിരിക്കണമോ വേണ്ടയോ എന്ന് സ്വയം തീരുമാനിക്കാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. ആ സ്വാതന്ത്ര്യം ചിലർ ദുരുപയോഗപ്പെടുത്തി. അപ്പോൾ അതിന്റെ ഭവിഷ്യത്ത് താക്കീതുചെയ്യാൻ പ്രവാചകന്മാർ വന്നു. ഇതാണ് അവിടെ പറയുന്നത്. അല്ലാഹുവിന് വേണമെങ്കിൽ മനുഷ്യരെ പരസ്പരം ഭിന്നിക്കാനാവാത്ത വിധം ഏക മതത്തിൽ നിലകൊള്ളാൻ നിർബന്ധിതരായ നിലയിൽ സൃഷ്ടിക്കാമായിരുന്നുവെന്നും അതവൻ ചെയ്തിട്ടില്ലെന്നുമാണ് ഇവിടെ പറയുന്നത്. ഈ രണ്ടു സൂക്തങ്ങളുടെയും അടിസ്ഥാനാശയം ഒന്നുതന്നെയാണ്.

وَتَمَّتْ.....أَجْمَعِينَ എന്ന വാക്യത്തിന്റെ സാരമിതാണ്: ഈ പരീക്ഷണത്തിൽ പരാജയപ്പെട്ടവരാൽ നരകം നിറക്കുമെന്ന് അത് സൃഷ്ടിക്കപ്പെട്ടപ്പോൾ അല്ലാഹു വിധിച്ചു വെച്ചിട്ടുണ്ട്. സ്വർഗത്തിന്റെ വഴിയോ നരകത്തിന്റെ വഴിയോ തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിക്കൊണ്ട് സൃഷ്ടിക്കുന്ന മനുഷ്യരിൽ വലിയ വിഭാഗം നരകത്തിന്റെ വഴിയാണ് തെരഞ്ഞെടുക്കുകയെന്ന് ത്രികാലജ്ഞനായ അല്ലാഹുവിന്നറിയാം. ഭൂരിപക്ഷം മനുഷ്യർ അവരുടെ നടപടികൊണ്ട് അല്ലാഹുവിന്റെ ആ അറിവിനെയും വിധിയെയും യാഥാർഥ്യമാക്കിയിരിക്കുന്നു.

നബി(സ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും അബൂഹുറയ്‌റയിൽനിന്ന് ഉദ്ധരിക്കുന്നു: "സ്വർഗവും നരകവും സംസാരിച്ചു. സ്വർഗം ചോദിച്ചു: "ദുർബലരും അവശരുമല്ലാതെ ആരും എന്നിൽ പ്രവേശിക്കാത്തെന്താണ്?" നരകം പറഞ്ഞു: "അഹങ്കാരികളെയും സ്വേഛാധിപതികളെയും ഞാൻ തെരഞ്ഞെടുത്തിരിക്കുന്നു." അപ്പോൾ അല്ലാഹു സ്വർഗത്തോടു പറഞ്ഞു: "നീ എന്റെ കാരുണ്യമാകുന്നു. ഞാനുദ്ദേശിക്കുന്നവർക്ക് നിന്നിലൂടെ കരുണ ചൊരിയുന്നു." നരകത്തോടു പറഞ്ഞു: "നീ എന്റെ ശിക്ഷയാകുന്നു. ഞാനുദ്ദേശിക്കുന്നവരോട് നിന്നിലൂടെ പ്രതികാരം ചെയ്യുന്നു. നിങ്ങളിലോരോരുത്തർക്കും നിറയെയുണ്ട്." സ്വർഗത്തിൽ സ്ഥലം മിച്ചമായിക്കൊണ്ടിരിക്കും; അങ്ങനെ മിച്ചം വരുന്ന സ്വർഗത്തിൽ വസിക്കാൻ അല്ലാഹു കുറെ സൃഷ്ടികളെ ഉളവാക്കും. എന്നാൽ നരകം കൂടുതൽ ഉണ്ടോ എന്നു ചോദിച്ചുകൊണ്ടിരിക്കും; അജയ്യതയുടെ നാഥൻ തന്റെ പാദം അതിനു വച്ചുകൊടുക്കുന്നതുവരെ. അപ്പോൾ അതുപറയും: നിന്റെ പ്രതാപമാണ, മതി, മതി." ■